**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 343** **12-10-2026-ൽ മറുപടിയ്ക്ക്**

**കിലയിലെ നിയമനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) കരാറടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; അവരുടെ പേരു വിവരം, തസ്തിക, ശമ്പളം/ഓണറേറിയം എന്നിവ എത്രയാണ്; ഓരോ തസ്തികയ്ക്കും മിനിമം ആവശ്യമുള്ള യോഗ്യതകൾ, പരിചയ സമ്പത്ത് എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിലയിൽ കരാറടിസ്ഥാനത്തിൽ ആരെയും പുതിയതായി നിയമിച്ചിട്ടില്ല. എന്നാൽ, കില ഐ.ടി. വിഭാഗത്തിൽ കൺസൾട്ടൻസി വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ചുവടെ പറയുന്ന രണ്ട് ജീവനക്കാരുടെ കരാർ 6 മാസത്തേക്ക് (01/07/2026 മുതൽ 31/12/2026 വരെ) നീട്ടി നൽകിയിട്ടുണ്ട്.

1. ശ്രീ.അഷ്താഖ് അൻവർ സി.കെ.-കൺസൾട്ടന്റ് (ഐ.ടി.)-ശമ്പളം-41,900/-

2. ശ്രീ.അനൂപ് പി.എ.-ടെക്നിക്കൽ അസിസ്റ്റന്റ്-ശമ്പളം-39,900/-

**(ബി)** ഓരോ തസ്തികയ്ക്കും എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തിയിരുന്നുവോ;

**മറുപടി:** കരാറടിസ്ഥാനത്തിൽ ആരെയും പുതിയതായി നിയമിച്ചിട്ടില്ലാത്തതിനാൽ, എഴുത്തുപരീക്ഷയോ ഇൻറർവ്യൂവോ നടത്തിയിട്ടില്ല.

**(സി)** ഉണ്ടെങ്കിൽ ഒരോ തസ്തികയ്ക്കും ഉള്ള റാങ്ക് ലിസ്റ്റ് ഓരോരുത്തർക്കും ലഭിച്ച മാർക്ക് സഹിതം ലഭ്യമാക്കാമോ?

**മറുപടി:** ബാധകമല്ല.

**സെക്ഷൻ ഓഫീസർ**